**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T6698 01.11.2011 ൽ മറുപടിക്ക്

**കേരള-കർണ്ണാടക അതിർത്തിയിൽ രാത്രി യാത്രാനിരോധനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) കേരള-കർണ്ണാടക അതിർത്തിയിലൂടെയുള്ള രാത്രിയാത്ര നിരോധനം പിൻവലിക്കുന്നതിന് ഏർപ്പെടുത്തിയ നടപടികൾ വെളിപ്പെടുത്തുമോ; | (എ) 3.6.2009 ന് കർണ്ണാടകത്തിലെ ചാമരാജ് നഗർ ജില്ലാ കളക്ടർ ആണ് ദേശീയപാത 67,212 എന്നിവയിൽ കൂടിയുള്ള രാത്രികാല ഗതാഗതം നിരോധിച്ചത്. ഈ പാതകൾ കടന്നു പോകുന്ന ബന്ദിപ്പൂർ നാഷണൽ പാർക്കിലെയും കടുവാ സങ്കേതത്തിലെയും വന്യമൃഗങ്ങളുടെ സ്വൈര വിഹാരത്തിന് തടസ്സം സൃഷ്ടിക്കുന്നുവെന്നും അവയുടെ ജീവന് അപകടമാണെന്നും ചൂണ്ടിക്കാട്ടിയായിരുന്നു നിരോധനം. നിരോധനം കേരളത്തെയും ഏറെ ദോഷകരമായി ബാധിച്ചു. അന്തർ സംസ്ഥാന യാത്രക്കാർക്കും ചരക്ക് വാഹനങ്ങൾക്കും ഇതു മൂലം ഒട്ടേറെ ബുദ്ധിമുട്ടുകൾ ഉണ്ടായി. ഈ നടപടികൾക്കെതിരെ ഉയർന്ന പരാതികളുടെ അടിസ്ഥാനത്തിൽ 10.6.2009 ന് കളക്ടർ നിരോധന ഉത്തരവ് പിൻവലിച്ചു. എന്നാൽ കർണ്ണാടക ഹൈക്കോടതി WP(C)No.17498/2009 എന്ന കേസിൽ നിരോധനം നീക്കിയ നടപടി സ്റ്റേ ചെയ്തു. കെ.എസ്.ആർടി.സി യുടെ തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലേക്കുള്ള അന്തർ സംസ്ഥാന ബസ് സർവ്വീസുകളും ഈ റൂട്ടിൽ കൂടിയാണ് സർവ്വീസ് നടത്തുന്നത്. കേരള അതിർത്തിയായ സുൽത്താൻ ബത്തേരിയും കർണ്ണാടകത്തിലെ ഗുണ്ടൽപ്പേട്ടും തമ്മിൽ ബന്ധിപ്പിക്കുന്നതും ദേശീയ പാത 212 ആണ്. ഇരു സംസ്ഥാനങ്ങളിൽ നിന്നുമുള്ള 100-ഓളം ലക്ഷ്വറി ബസ്സുകളും നൂറുകണക്കിന് ഹെവി വാഹനങ്ങളും രാത്രിയിൽ ഇതുവഴി കടന്നു പോകുന്നുവെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. രാത്രികാല യാത്രാ നിരോധനം പ്രാബല്യത്തിലായതോടെ പാൽ, പഴം, പച്ചക്കറി തുടങ്ങിയ അവശ്യസാധനങ്ങളുടെ നീക്കം തടസ്സപ്പെടുകയും പകൽ സമയത്ത് ഗതാഗതക്കുരുക്ക് രൂക്ഷമാകുകയും ചെയ്തു. മറ്റ് ബദൽ യാത്രാ |

മാർഗ്ഗമില്ലാത്തതും ദുരിതം വർദ്ധിപ്പിച്ചു. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് അന്നത്തെ ബഹു. വനം. വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം കർണ്ണാടക മുഖ്യമന്ത്രിയെ സന്ദർശിച്ച് വിഷയം ചർച്ച ചെയ്യുകയും ചെയ്തു. തുടർന്ന് കേരള സർക്കാരും കെ.എസ്.ആർ.ടി.സി.യും കർണ്ണാടക ഹൈക്കോടതിയിലെ WP(C)No.17498/ 2009 ൽ നിരോധനം നീക്കുന്നതിനായി കക്ഷി ചേർന്നുവെങ്കിലും 9.3.2010 ലെ ഉത്തരവിലൂടെ കർണ്ണാടക ഹൈക്കോടതി ബന്ദിപ്പൂർ വഴിയുള്ള ഗതാഗതം രാത്രി 9 നും രാവിലെ 6 നും മധ്യേ നിരോധിച്ചു. ഇതേ തുടർന്ന് ബഹു. സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനും ഇക്കാര്യത്തിൽ കേന്ദ്ര ഇടപെടൽ ആവശ്യപ്പെട്ട് സർവ്വകക്ഷി നിവേദക സംഘത്തെ അയയ്ക്കാനും മന്ത്രിസഭ തീരുമാനിക്കുകയുണ്ടായി. തുടർന്ന് 2010 ഏപ്രിലിൽ SLP (C)No.13838/2010 ആയി കേരളം സുപ്രീം കോടതിയിൽ ഹർജി കർണ്ണാടക ഹൈക്കോടതി വിധിക്കെതിരെ സമർപ്പിച്ചു. ഈ കേസ് ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്.

കേസിൽ സഹായമഭ്യർത്ഥിച്ച് സർവ്വകക്ഷി നിവേദക സംഘം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2010 മെയ് 5 ന് പ്രധാനമന്ത്രിയെയും സന്ദർശിച്ച് നിവേദനം നൽകുകയുണ്ടായി. കേസിൽ കേരളത്തിന് സഹായകമാകുന്ന നിലപാട് സ്വീകരിക്കണമെന്നും കേസിൽ കക്ഷി ചേരണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് & ഹൈവേ മന്ത്രാലയത്തിന് കത്തും നൽകിയിരുന്നു.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം 5.8.2011 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രശ്നം ചർച്ച ചെയ്യുന്നതിന് യോഗം വിളിച്ചുകൂട്ടുകയും ചെയ്തു. യാത്രാ നിരോധനം മൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിനും ബദൽ മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിനും യോഗം തീരുമാനിച്ചു. അതിന്റെ തുടർ നടപടി നടന്നുവരികയാണ്.

രാത്രി 9 മണി മുതൽ രാവിലെ 6 മണി വരെയുണ്ടായിരുന്ന നിരോധനം ഇപ്പോൾ വൈകുന്നേരം 6 മുതൽ രാവിലെ 6 മണി വരെ ആക്കിയത് കർണ്ണാടക സർക്കാരിന്റെ തീരുമാനത്തെത്തുടർന്നാണ്.

ബന്ദിപ്പൂർ മേഖലയെ അതീവ പരിസ്ഥിതി പ്രാധാന്യമുള്ള മേഖലയായി പ്രഖ്യാപിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം SO 2154(E) നമ്പരായി 21.9.2011 ൽ കരട്

വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സോൺ ഒന്നിൽ രാത്രികാല യാത്രാ നിയന്ത്രിക്കാനും സോൺ രണ്ടിൽ രാത്രി കാല വാഹന ഗതാഗതം അനുവദിക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് രാത്രി യാത്രാ നിരോധനം നീക്കിക്കിട്ടാനുള്ള ശ്രമങ്ങൾക്ക് പ്രതികൂലമാകാൻ സാധ്യതയുണ്ട്. പുതിയ കരട് വിജ്ഞാപനത്തിന്റെ വെളിച്ചത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. രാത്രികാല യാത്രാനിരോധനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ.

(ബി) ഇതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ബഹു. സുപ്രീം കോടതി കോൺവോയ് അടിസ്ഥാനത്തിൽ രാത്രികാല ഗതാഗതം നടത്തുന്നതിനെക്കുറിച്ച് കേരള -കർണ്ണാടക സർക്കാരുകളുടെയും അഭിപ്രായം ആരാഞ്ഞു. അതിൻ പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.യുടെ കോട്ടയം, എറണാകുളം, ഗുരുവായൂർ, കോഴിക്കോട് എന്നീ യൂണിറ്റുകളിൽ നിന്നുമുള്ള ഓരോ സർവ്വീസുകൾ കോൺവോയ് അടിസ്ഥാനത്തിൽ രാത്രികാല നിരോധനമില്ലാതെ സർവ്വീസ് നടത്തുന്നുണ്ട്. പുറമെ രാത്രികാല യാത്രാനിരോധനം മൂലം യാത്രക്കാർക്കുണ്ടാകുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ മറ്റ് സർവ്വീസുകളുടെ സമയം പുനഃക്രമീകരിച്ചിട്ടുണ്ട്.

(സി) രാത്രിയാത്ര നിരോധനത്തിന്റെ മറവിൽ യാത്രക്കാരെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(സി) ഇതു സംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല

സെക്ഷൻ ഓഫീസർ